# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2370** — **17.08.2017-ൽ മറുപടിയ്ക്ക്**

**<u>ലക്കിടി കഞ്ചൻ സ്മാരകത്തിന്റെ നവീകരണം</u>**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. പി. ഉണ്ണി | ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) ലക്കിടി കഞ്ചൻ സ്മാരകത്തിന്റെ നവീകരണത്തിനായി 2017-18 വർഷത്തെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിരുന്നു; അതുപയോഗിച്ച് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി; വിശദമാക്കാമോ; | (എ) 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പാലക്കാട് ലക്കിടിയിൽ കിള്ളിക്കുറിശ്ശിമംഗലത്ത് പ്രവർത്തിക്കുന്ന കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന് "2205-00-102-77-11-നോൺ പ്ലാൻ" എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) 01/04/2016 മുതൽ 30/06/2017 വരെയുള്ള കാലത്ത് ഒറ്റപ്പാലം, ലക്കിടി കഞ്ചൻ സ്മാരകത്തിന്റെ നവീകരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ; | (ബി) 01/04/2016 മുതൽ 30/06/2017 വരെയുള്ള കാലത്ത് ഒറ്റപ്പാലം, ലക്കിടി കുഞ്ചൻ സ്മാരകത്തിന്റെ നവീകരണ/നിർമ്മാണ പ്രവർത്തനങ്ങൾക്കായി താഴെ പറയുന്ന സർക്കാർ ഉത്തരവുകൾ പ്രകാരം 48,94,000/- രൂപയാണ് അനുവദിച്ചത്. കുഞ്ചൻ നമ്പ്യാർ സ്മാരകത്തിലെ ക്ലാസ് മുറികളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി 03/01/2013-ലെ സ. ഉ. (സാധാ) നം.1/2013/സാം.കാ.വ പ്രകാരം അനുവദിച്ച 10 ലക്ഷത്തിന് പുറമേ 10/01/2017 ലെ സ. ഉ. (സാധാ) നം. 8/2017/സാം.കാ.വ പ്രകാരം 10 ലക്ഷം രൂപ കൂടി അനുവദിക്കുകയുണ്ടായി. പ്രസ്തുത നിർമ്മാണ പ്രവർത്തനം തിരുവനന്തപുരത്തെ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന്റെ ചുമതലയിൽ പുരോഗമിച്ചു വരുന്നു. കുഞ്ചൻ നമ്പ്യാർ സ്മാരകത്തിലെ കെടാവിളക്ക് സംരക്ഷിക്കൽ, കിണർ ആഴം കൂട്ടൽ, ചുറ്റുമതിൽ നിർമ്മാണം എന്നിവയ്ക്കായി 18/03/2017-ലെ സ.ഉ. (സാധാ) നം.174/2017/സാം.കാ.വ പ്രകാരം 13.94 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. ടി തുക പ്രസ്തുത പ്രവർത്തനങ്ങൾക്കായി ഇതിനകം തന്നെ ചെലവഴിച്ചു കഴിഞ്ഞിട്ടുണ്ട്. |

കുഞ്ചൻ നമ്പ്യാർ സ്മാരകത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം ഉൾപ്പെടെയുള്ള പ്രവർത്തികൾക്കായി 29/03/2017-ലെ സ. ഉ. (സാധാ) നം. 251/2017/ സാം.കാ.വ പ്രകാരം 25 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. പ്രസ്തുത നിർമ്മാണ പ്രവർത്തനം പാലക്കാട് ജില്ലയിലെ നിർമ്മിതി കേന്ദ്രത്തിന്റെ ചുമതലയിൽ പുരോഗമിച്ചു വരുന്നു.

| | | | |
|---|---|---|---|
| (സി) | ഇതിന്റെ നവീകരണത്തിനായുള്ള ഏതെല്ലാം പ്രൊപ്പോസലുകളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്; വിശദാംശം ലഭ്യമാക്കാമോ? | (സി) | പാലക്കാട് കിള്ളിക്കുറിശ്ശിമംഗലത്ത് പ്രവർത്തിക്കുന്ന കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും ടി സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന അധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും സ്ഥാപനത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും സ്ഥാപനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പ്രകാരം തടസ്സങ്ങൾ സൃഷ്ടിക്കുന്നതിനാൽ 2017-18 സാമ്പത്തിക വർഷം സർക്കാർ പ്രത്യേക ഗ്രാന്റ് അനുവദിക്കണമെന്നും, ടി സ്ഥാപനത്തിന്റെ വാർഷിക/ആവർത്തന ഗ്രാന്റ് 25 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്നുമുള്ള കുഞ്ചൻ നമ്പ്യാർ സ്മാരക സെക്രട്ടറിയുടെ വിവിധ പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ